മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

ഡിഗ്രി പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികളുടെ പരീക്ഷ സെമസ്റ്റർ സിസ്റ്റത്തിലേക്ക് മാറ്റുന്നത് ഭേദഗതി വരുത്തി അംഗീകരിച്ചത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 3 സെക്ഷൻ**

നമ്പർ. 4890/AC A 3/2019/എം.ജി.യു                പ്രിയദർശിനി ഹിൽസ്,തീയതി: 16.10.2019

---

പരാമർശം:-(1): സ.ഉ നം.3038/AC.A3 / 2019/ എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി 01/07/2019

(2):27/09/2019 ലെ പരീക്ഷകൾക്കായുള്ള സിൻഡിക്കേറ്റ് ഉപസമിതി യോഗനടപടിക്രമങ്ങളുടെ ചുരുക്കം ഇനം നം. DDFS -24625 /2019

**ഉത്തരവ്**

പരാമർശം ( 1 ) പ്രകാരം ഡിഗ്രി പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികൾക്ക് റഗുലർ വിദ്യാർത്ഥികളോടൊപ്പം 2019-20 അധ്യയന വർഷം മുതൽ അതാത് സെമസ്റ്ററുകളിലായി പരീക്ഷ നടത്തുവാൻ ഉത്തരവായിട്ടുള്ളതാകുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് 27.09.2019 ലെ പരീക്ഷകൾക്കായുള്ള സിൻഡിക്കേറ്റ് ഉപസമിതി യോഗം പരാമർശം (2) പ്രകാരം താഴെ പറയുന്ന തീരുമാനം കൈക്കൊണ്ടു .

"2019-2020 പ്രവേശനം മുതൽ ഒന്നും രണ്ടും സെമസ്റ്റർ പ്രൈവറ്റ് പരീക്ഷകൾ രണ്ടാം സെമസ്റ്റർ റഗുലർ പരീക്ഷയ്ക്കൊപ്പം നടത്തുകയും 3 , 4 , 5 , 6 പ്രൈവറ്റ് സെമസ്റ്റർ പരീക്ഷകളും ഫലപ്രഖ്യാപനവും റഗുലറിനൊപ്പം സെമസ്റ്റർ രീതിയിൽ നടത്തുന്നതിന് ശുപാർശ ചെയ്യുന്നു. "

മേൽ ശുപാർശ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 വകുപ്പ് 10 (17) പ്രകാരം വൈസ് ചാൻസലർ 04/10/2019 ൽ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

Draft #2 of File 24625/PR 1/1/2019/PR 1 Approved by ASSISTANT REGISTRAR II (ACADEMIC) on 15-Oct-2019 03:43 PM - Page 1

പകർപ്പ്

1.വൈസ് ചാൻസലറുടെ/പ്രൊ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ

2.രജിസ്ട്രാർ/പരീക്ഷാ കൺട്രോളറുടെ പി.എ മാർ

3.പ്രൊഫസർ ഇൻ ചാർജ് ഓഫ് പ്രൈവറ്റ് രജിസ്ട്രേഷൻ

4.എ സി സി I /II സെക്ഷനുകൾ

5.ഇ ജി I / II / III / IV / V സെക്ഷനുകൾ / എ സി എ 9 സെക്ഷൻ

6.ഇ ഇ I / II / III സെക്ഷനുകൾ / പി ആർ I / II / III / IV / VI സെക്ഷനുകൾ

7.എ.ആർ II , III(അക്കാദമിക്) / ഡി.ആർ II (അക്കാദമിക്) / ജെ ആർ II (ഭരണം)

8.എ.ആർ X / എ.ആർ IV / ഡി.ആർ III / ജെ.ആർ III (പരീക്ഷാ വിഭാഗം)

9.എ.ആർ XIII (പ്രൈവറ്റ് രജിസ്ട്രേഷൻ)

10.കണ്ടെന്റ് മാനേജ്മെന്റ് വിഭാഗം / റെക്കോർഡ് സെക്ഷൻ

11.ഐ ക്യു എ സി / സിസ്റ്റം മാനേജർ / സിടെക്സ്

12.കരുതൽ ഫയൽ / ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 24625/PR 1/1/2019/PR 1 Approved by ASSISTANT REGISTRAR II (ACADEMIC) on 15-Oct-2019 03:43 PM - Page 2

Draft #2 of File 24625/PR 1/1/2019/PR 1 Approved by ASSISTANT REGISTRAR II (ACADEMIC) on 15-Oct-2019 03:43 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം